# പതിനാലാം കേരള നിയമസഭ
## (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3521** **12.05.2017-ൽ മറുപടിയ്ക്ക്**

**പഴയങ്ങാടി മത്സ്യ മാർക്കറ്റിന്റെ നവീകരണം**

ചോദ്യം

ശ്രീ.റ്റി.വി.രാജേഷ്

മത്സ്യ മാർക്കറ്റുകൾ നവീകരിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ ഏതൊക്കെയാണ്; കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി മത്സ്യ മാർക്കറ്റ് നവീകരിക്കുന്നതിന് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

മറുപടി

ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി):

കേന്ദ്ര സർക്കാരിന്റെ ബ്ലൂ റവല്യൂഷൻ പദ്ധതിയിലും KIIFB-യിൽ നിന്നും മാർക്കറ്റുകൾ നവീകരിക്കുന്നതിന് ധനസഹായം ലഭിക്കുന്നതിനുള്ള പദ്ധതി ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടു ണ്ട്. കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയ ങ്ങാടിയിൽ മത്സ്യ മാർക്കറ്റ് സ്ഥാപിക്കുന്നതി ലേക്കായി 59.00 ലക്ഷം രൂപയുടെ പദ്ധതി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തയ്യാറാക്കി KIIFB-ൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിനായി ഫിഷറീസ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. 19 ചില്ലറ വിൽപന സ്റ്റാളുകൾ, വിശ്രമ മുറി എന്നിവ ഉൾപ്പെടെ 218 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ഒരു ഇരുനില മാർക്കറ്റ് കെട്ടിടമാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യാനുദ്ദേശിക്കുന്നത്. മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, മത്സ്യം മുറിക്കുന്നതിനാവശ്യമായ സ്ലാബ്, മലിനജലം ഒഴുകി പോകുന്നതിനായി ഡ്രെയിൻ എന്നിവ മത്സ്യമാർക്കറ്റ് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ആഫീസർ**